**26U4110**

Reg. No ……………………………………….   Name ……………………………….

# B.A./B.Sc./B. COM DEGREE END SEMESTER EXAMINATION - MARCH 2026

## UGP(HONS) SEMESTER 4: SKILL ENHANCEMENT COURSE (MALAYALAM)

## COURSE CODE: 24UMALSEC201 - പ്രൂഫ് റീഡിംഗ് & കോപ്പി എഡിറ്റിംഗ്

Time: 1.5 Hours   Max. Marks: 50

### PART – A

I. **ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1. ഏതാണ് ശരിയായ വാക്ക്? (CO1)

   A. കുടുംബം – കുഡുബം

   B. അവ്യധി – അവധി

2. എന്താണ് മാനകഭാഷ? (CO1)

3. രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം ഇരട്ടിക്കുന്നത് ഏതു സന്ധിയിലാണ്? ഉദാഹരണം എഴുതുക? (CO3)

4. പ്രൗഢിക്കായി സംസ്കൃതീകരിച്ച് എഴുതുന്ന ഭാഷാ പദങ്ങൾക്ക് ഉദാഹരണം എഴുതുക. (CO2)

5. ഉചിതമായ ചിഹ്നം ചേർക്കുക. (CO4)

   കഷ്ടം ആ ബോട്ടപകടത്തെപ്പറ്റി ചിന്തിക്കാനേ വയ്യ

6. പന്മന രാമചന്ദ്രൻ നായരുടെ രണ്ട് കൃതികളുടെ പേര് എഴുതുക? (CO2)

7. മലയാളത്തിലെ ഏതെങ്കിലും രണ്ട് സാഹിത്യ സംബന്ധമായ പ്രസിദ്ധീകരണങ്ങളുടെ പേരെഴുതുക? (CO5)

**(2 x 5 = 10)**

### PART - B

II. **ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

8. താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച ശേഷം എടുത്തെഴുതുക. (CO3)

A. പകുതിയിലേറെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളുടെ ഉദ്ഘാടനം ആയിരുന്നു അന്ന് നടന്നത്.

B. വേറെയും രണ്ടു കാര്യങ്ങൾ കൂടി ഇതിനെതിരെ ചൂണ്ടിക്കാണിക്കാനുണ്ട്.

C. കനത്ത മഴ കൊണ്ടാണ് കുട്ടികൾ ക്ലാസിൽ വരാതിരിക്കാൻ കാരണം.

D. ഉദ്ദേശം നാൽപതിനടുത്ത് കുട്ടികൾ ക്ലാസിൽ ഉണ്ട്.

9. മൂന്നിലൊന്നായി സംഗ്രഹിക്കുക. (CO5)

ബിസി മൂന്നാം ശതകത്തിലാണ് ജൈനമതം കേരളത്തിൽ പ്രവേശിച്ചത്. മൗര്യ ചക്രവർത്തിയായിരുന്ന ചന്ദ്രഗുപ്ത മൗര്യന്റെ പതിനഞ്ചാമത്തെ ഭരണവർഷത്തിൽ സിംഹാസനം കൈവെടിഞ്ഞ ഭദ്രബാഹു എന്ന ജൈന സന്യാസിയോടൊപ്പം മൈസൂരിലെ ശ്രാവണബെൽഗോളയിൽ വന്നിരുന്നതായി പറയപ്പെടുന്നു. ചന്ദ്രഗുപ്തനും ഭദ്രബാഹുവും അവിടെ താമസിക്കുന്ന കാലത്ത് അവർ ദക്ഷിണേന്ത്യയിൽ ജൈനമതം പ്രചരിപ്പിച്ചു തുടങ്ങി എന്നാണ് ജൈനയുടെ വിശ്വാസം. ചന്ദ്രഗുപ്ത മൗര്യൻ ശ്രാവണ ബെൽ ഗോളാ വരെ മാത്രമേ വന്നുള്ളൂ, എങ്കിലും അദ്ദേഹത്തിന്റെ അനുഗാമികൾ ദക്ഷിണേന്ത്യയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രശാന്തമായ ധ്യാന സ്ഥലം കണ്ടുപിടിക്കുകയായിരുന്നു ജൈനമതത്തിലേക്ക് ആളുകളെ ചേർക്കുകയായിരുന്നില്ല അവരുടെ പ്രധാന ലക്ഷ്യം. ഈ സാഹചര്യത്തിൽ ആയിരിക്കാം കേരളത്തിലേക്ക് ജൈനമതം കടന്നുവന്നത്. ക്രിസ്തുവർഷത്തിന്റെ ആരംഭശതങ്ങളിൽ ജനതകളുടെ മേൽ നല്ല സ്വാധീന ശക്തിയുണ്ടായിരുന്നു. ചില രാജാക്കന്മാർ അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ചിലപ്പതികാരത്തിന്റെ കർത്താവായ ഇളങ്കോ വടികൾ ജൈനമതക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനമായ തൃക്കണാമ തിലകം അക്കാലത്ത് ജൈനമതത്തിന്റെയും ജൈന വിജ്ഞാനത്തിന്റെയും കേന്ദ്രം എന്ന നിലയിൽ പ്രസിദ്ധി നേടി.

10. നിങ്ങളാരംഭിക്കുന്ന സംരംഭത്തിന്റെ ഉദ്ഘാടനത്തെ സംബന്ധിക്കുന്ന ഒരു പരസ്യം തയ്യാറാക്കുക. (C05)

11. ഒരു കലാലയ മാഗസിൻ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? (CO5)

12. വാക്യഘടനയിൽ വരുന്ന ദോഷങ്ങളെ പറ്റി വിശദീകരിക്കുക. (C04)

13. ഒരു പ്രൂഫ് ഫീഡർക്ക് ഉണ്ടാകേണ്ട ഗുണഗണങ്ങൾ എന്തെല്ലാമാണ്? (CO2)

**(5 x 4 = 20)**

## PART C

**III. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

14. ഭാഷയിലെ ചിഹ്നങ്ങളെ കുറിച്ച് ഉപന്യസിക്കുക. (CO5)

15. സോഷ്യൽ മീഡിയയുടെ കാലഘട്ടത്തിൽ ഒരു പുസ്തകപ്രസാധകന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്.? (CO4)

16. വായനയുടെ പ്രസക്തിയെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. (CO 5)

17. മലയാളത്തിലെ ഏതെങ്കിലും രണ്ട് ആഴ്ചപതിപ്പ് പരിചയപ്പെടുത്തുക (CO4)

**(10 x 2 = 20)**